**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3821** **03-03-2023 - ൽ മറുപടിയ്ക്ക്**

**വകുപ്പുതല സ്ഥാനക്കയറ്റത്തിന് നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി കാരണം വിവിധ വകുപ്പുകളിലെ സർക്കാർ ജീവനക്കാരുടെ വിവിധ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതിനായി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഇല്ല. |
| (ബി) | നിലവിൽ സ്ഥാനക്കയറ്റത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | 2022-ൽ ഏതെല്ലാം വകുപ്പുകളിലാണ് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കും എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ നിന്ന് യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കും പ്രൊമോഷൻ നടപടികൾ നടന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിലേയ്ക്ക് 2022-ൽ പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കിയ വകുപ്പുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് എല്ലാ വകുപ്പുകളിലും സ്ഥാനക്കയറ്റം നൽകിവരുന്നുണ്ട്. ഇതിന് യാതൊരു നിയന്ത്രണവും നിലവിലില്ല. ഇപ്രകാരം ഓരോ വകുപ്പിലും ഓരോ തസ്തികകളിലും നൽകുന്ന സ്ഥാനക്കയറ്റം സംബന്ധിച്ചുള്ള വിവരം പ്രത്യേകമായ എന്തെങ്കിലും ആവശ്യത്തിന് വേണ്ടിവരില്ല എന്നതിനാൽ ശേഖരിച്ച് സൂക്ഷിക്കാറില്ല. |
| (ഡി) | വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ വിവിധ തസ്തികകളിലേയ്ക്കുള്ള അർഹമായ പ്രൊമോഷൻ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നിലവിൽ സർക്കാർ കേന്ദ്രീകൃതമായ സംവിധാനങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് സ്ഥാനക്കയറ്റം നല്കിവരുന്നുണ്ട്. |
| (ഇ) | വിവിധ തസ്തികകളിലേയ്ക്കുള്ള ജീവനക്കാരുടെ അർഹമായ വകുപ്പുതല സ്ഥാനക്കയറ്റത്തിന് കാലതാമസം ഉണ്ടാകുന്നത് പരിശോധിക്കുന്നതിനും ഇവ പരിഹരിക്കുന്നതിനും സർക്കാർ തലത്തിൽ | (ഇ) | ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് സ്ഥാനക്കയറ്റം നല്കിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (എഫ്) | 2022-ൽ മതിയായ കാരണങ്ങളില്ലാതെ വിവിധ തസ്തികകളിലേയ്ക്കുള്ള അർഹമായ സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാക്കാതിരുന്ന വകുപ്പുകൾ ഏതെല്ലാമെന്ന് കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് പരിശോധിച്ച് സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാക്കുന്നതിന് അതാത് വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ? | (എഫ്) | മതിയായ കാരണങ്ങളില്ലാതെ സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ